കാലതാമസവും ഉണ്ടാവുകയുമില്ല. ഞാനത് പറഞ്ഞിട്ടുണ്ട്. ഏത് കാര്യത്തിൽ ആണെങ്കിലും കാലതാമസം ഉണ്ടാകാൻ അനുവദിക്കുകയില്ല. 15-ാം തീയതി അദ്ദേഹം ഒപ്പിട്ട അഡ്വൈസിന്മേൽ 16-ാം തീയതി അതായത് ഇന്നലെ തന്നെ തീരുമാനമെടുത്ത് അപ്പീൽ കൊടുക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തു.

(2) വികലാംഗരുടെ പെൻഷൻ

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, കേരളത്തിലെ പതിനഞ്ചു ലക്ഷത്തോളം വരുന്ന വികലാംഗരുടെ ചില അടിയന്തിര ആവശ്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2003-04, 2004-05 വർഷങ്ങളിലെ ബഡ്ജറ്റിൽ ഇവരുടെ പെൻഷൻ 150 രൂപയായി വർദ്ധിപ്പിക്കാം എന്നു സർക്കാർ പറഞ്ഞിരുന്നത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അടിയന്തിര പ്രാധാന്യത്തോടുകൂടി മുൻകാല പ്രാബല്യത്തിൽ ഇത് നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രണ്ടാമത്, ഇവർക്ക് കൊടുക്കുന്ന ഐഡന്റിറ്റി കാർഡിൽ 'വാല്യൂഡ് അപ്ടു 18 ഇയേഴ്സ്' എന്ന് പ്രത്യേകം എഴുതിയിരിക്കുകയാണ്. വികലാംഗർക്ക് കൊടുക്കുന്ന ഐഡന്റിറ്റി കാർഡ് മരണം വരെ ഉപയോഗിക്കേണ്ട ഒരു ആധികാരിക രേഖയാണ്. അതിൽ 18 വയസുവരെ എന്ന് എഴുതിയതുകൊണ്ട് 18 വയസുകഴിഞ്ഞിട്ടുള്ളവർക്ക് അത് ഉപയോഗിക്കുമ്പോൾ ഒരുപാട് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. ഇത് മാറ്റിത്തരണമെന്നു പല പ്രാവശ്യം ആവശ്യപ്പെട്ടപ്പോഴും മാറ്റം വരുത്താമെന്നു പറഞ്ഞെങ്കിലും, പുതിയതായി കൊടുത്തിരിക്കുന്ന കാർഡുകളിലും ഇങ്ങനെതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അത് മാറ്റണമെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്. വികലാംഗ വകുപ്പിന് കൊടുക്കുന്ന ഐഡന്റിറ്റിയുടെ ഫോറം പൂരിപ്പിക്കുന്നിടത്ത് എട്ടാം നമ്പർ കോളത്തിൽ വരുമാന സർട്ടിഫിക്കറ്റ് ചോദിക്കുന്നുണ്ട്. പലപ്പോഴും ഇത് പ്രയാസങ്ങൾക്ക് ഇടവരുത്തുന്നു. ഇതിലേക്കായി വില്ലേജ് ആഫീസിലേക്കും മറ്റും പല പ്രാവശ്യം പോകേണ്ടിവരുന്നു. അവസാനം അത് കിട്ടിയാൽത്തന്നെ ഉപയോഗപ്രദമാകാത്ത രീതിയിലുള്ളതുമാണ്. അതുകൊണ്ട് ദയവ് ചെയ്ത് 8-ാം നമ്പർ കോളം ഫോറത്തിൽനിന്ന് ഒഴിവാക്കണം. നമ്മുടെ സമൂഹത്തിലെ അഞ്ച് ശതമാനം വരുന്ന 15 ലക്ഷം വികലാംഗർക്ക് ജനസംഖ്യാനുപാതികമായിട്ടെങ്കിലും ത്രിതല പഞ്ചായത്തുകളിലെ പ്രോജക്ടുകളിൽ പ്രത്യേകം തുക വകകൊള്ളിച്ച് അവരുടെ ക്ഷേമ കാര്യങ്ങൾക്കുവേണ്ട നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, വികലാംഗർക്ക് വർദ്ധിച്ച നിരക്കിൽ പെൻഷൻ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് 2004-05 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചതനുസരിച്ച് വികലാംഗ പെൻഷൻ 110 രൂപയിൽ നിന്നു 150 രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യം ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്. യഥാർത്ഥ വികലാംഗരെ തിരിച്ചറിയാനും അവർക്കുള്ള ആനുകൂല്യങ്ങൾ നിർണ്ണയിക്കാനും ഉതകുന്ന വിധത്തിലുള്ള തിരിച്ചറിയൽ കാർഡ് 1-8-2000-ലെ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശപ്രകാരം സംസ്ഥാനത്തെ വികലാംഗർക്കായിട്ടുള്ള കമ്മീഷണറേറ്റിന്റെ മേൽനോട്ടത്തിൽ സാമൂഹ്യ ക്ഷേമ വകുപ്പുവഴി ഓരോ വികലാംഗനും നൽകിവരുന്നു. സംസ്ഥാനത്തെ ഒൻപത് ലക്ഷത്തോളം വികലാംഗരിൽ 2004 ഡിസംബർ വരെ 92,000-ത്തിനുമേൽ പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവർക്ക് ഉടൻ നൽകുന്നതാണ്. ശ്രീ. പോൾസൺ മാസ്റ്റർ ഉന്നയിച്ച മറ്റു കാര്യങ്ങൾ, വാലിഡിറ്റി പ്രശ്നമൊക്കെ പരിഹരിക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്; അതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) റേഷനരി വിതരണം

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, സംസ്ഥാനത്ത് റേഷൻ കടകളിലൂടെ ഇപ്പോൾ പച്ചരിയാണ് പ്രധാനമായി വിതരണം ചെയ്യുന്നത്. അരി പ്രധാന ഭക്ഷ്യവസ്തുവായി ഉപയോഗിക്കുന്ന നമ്മുടെ നാട്ടിൽ ജനങ്ങൾ കൂടുതലായി പച്ചരി ഉപയോഗിക്കാറില്ല, പുഴുക്കലരിയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇപ്പോൾ പച്ചരിയും എഫ്.സി.ഐ. കൊടുക്കുന്നുണ്ട്; അമ്പതു ശതമാനം പച്ചരി, അമ്പതു ശതമാനം പുഴുക്കലരി എന്ന തോതിലാണ് അരി വിതരണം. വരൾച്ചയും മറ്റ് നിരവധി പ്രശ്നങ്ങളുംമൂലം പാലക്കാട് ജില്ലയിൽ താഴെത്തട്ടിലുള്ള പാവപ്പെട്ട ജനങ്ങൾക്ക് ഈ പച്ചരികൊണ്ട് ഭക്ഷണമുണ്ടാക്കുന്നതിന്റെ ഫലമായി ഉദര രോഗങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെടുത്തി ഒരു പത്ര വാർത്ത വന്നിട്ടുണ്ടായിരുന്നു. ഇത് ഒരു വസ്തുതയാണ്. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന റേഷൻ അരിയുടെ ഗുണനിലവാരം ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. വളരെ മോശമായ അരിയാണ് പലയിടത്തും വിതരണം ചെയ്യുന്നത്. അതുതന്നെ പച്ചരികൂടി ആകുന്നതോടുകൂടി ഗുരുതരമായ പ്രശ്നമുണ്ടാകുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയം ശ്രദ്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ കേന്ദ്ര സർക്കാർ അനുവദിച്ച് എഫ്.സി.ഐ.-യിലൂടെയാണ് വിതരണം ചെയ്തുവരുന്നത്. സംസ്ഥാനത്ത് എഴുപത്തിയഞ്ചു ശതമാനം പുഴുക്കലരിയും ഇരുപത്തിയഞ്ചു ശതമാനം പച്ചരിയും റേഷൻ കടകളിലൂടെ വിതരണം ചെയ്തുവന്നിരുന്നു. നമുക്ക് ആവശ്യമായ അരി നമ്മുടെ സംസ്ഥാനത്ത് പ്രധാനമായും എത്തിക്കൊണ്ടിരിക്കുന്നത് പഞ്ചാബ്, ഛത്തീസ്ഗഢ്, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നാണ്. പുഴുക്കലരിയുടെ

LIBRARY ARCHIVES Kerala Legislative Assembly